# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3364</u> <u>23.06.2014</u> <u>ൽ മറുപടിക്ക്</u>

## <u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ</u>

| | ചോദ്യം<br>ശ്രീ. വി.എസ്. സുനിൽ കുമാർ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ)<br>യും<br>(ബി)<br>യും | ഉണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക്, ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത ധനസഹായം, കമ്മീഷൻ അംഗീകരിച്ച പ്രകാരം ഗഡുക്കളായി നൽകി വരുന്നു. പ്രസ്തുത ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്ലാൻറേഷൻ കോർപ്പറേഷൻ നൽകേണ്ട 53.105 കോടി രൂപയിൽ നിന്ന്, കാസർഗോഡ് ജില്ലാ കളക്ടർക്ക്, 01.06.2012-ൽ, 27.0425 കോടി രൂപ പ്ലാൻറേഷൻ കോർപ്പറേഷൻ കൈമാറിയിട്ടുണ്ട്. കൂടാതെ, പ്ലാൻറേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരമായി നൽകേണ്ട ബാക്കി തുകയായ 26.0625 കോടി രൂപയും കാസർഗോഡ് ജില്ലാ കളക്ടർക്ക് 22.02.2014-ൽ കൈമാറിയിട്ടുണ്ട്. എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് ധനസഹായം നൽകുന്നതിനായി മൊത്തം 17.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, സാമൂഹ്യനീതി വകുപ്പ് മുഖേന 33,42,50,000 രൂപയും (മുപ്പത്തിമൂന്ന് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ദുരിതബാധിതർക്കുള്ള ധനസഹായത്തിന്റെ ഒന്നും രണ്ടും ഗഡുക്കളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | അഞ്ചുമാസങ്ങൾക്ക് മുൻപ് ഇക്കാര്യത്തിൽ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ ; | | |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക പുതുക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക പുതുക്കുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Manjunath

സെക്ഷൻ ഓഫീസർ